**തദ്ദേശ സ്വയംഭരണ പ്ലാനിംഗ് മേഖലാ കാര്യാലയം ,തിരുവനന്തപുരം**

**നഗരാസൂത്രകയുടെ നടപടിക്രമങ്ങൾ**

വിഷയം : തിരുവനന്തപുരം നഗരസഭ – നിർമ്മാണം പൂർത്തീകരിച്ച
– ഓട്ടോമൊബൈൽ സർവീസ് സെന്റർ – ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 28.04.2020 ലെ NE1/5359/2019 നമ്പർ കത്ത്

**<u>ഉത്തരവ് നമ്പർ TCPTVM/688/2020-D തീയതി 25/09/2020</u>**

തിരുവനന്തപുരം നഗരസഭയിൽ നേമം വില്ലേജിൽ റീസർവ്വേ നമ്പർ 816/3,816/12, 816/13, 816/15, 816/16, 816/17, 816/18 എന്നിവയിൽ ഉൾപ്പെട്ട 6064.71 ച.മി വസ്തുവിൽ നിർമ്മാണം പൂർത്തീകരിച്ച 1807.94 ച.മി വിസ്തീർണ്ണമുള്ള ഓട്ടോമൊബൈൽ സർവീസ് സെന്ററും 434.36 ച.മി വിസ്തീർണ്ണമുള്ള വാസഗൃഹവും ഉൾപ്പടെ ആകെ 2242.30 ച.മി വിസ്തീർണ്ണമുള്ള നിർമ്മാണങ്ങൾക്കുള്ള ലേഔട്ട് അപ്രൂവലിനായി ശ്രീ ഫിലിപ് മാത്യു , ഫിലിപ് എബ്രഹാം , ഏലിയാമ്മ മാത്യു എന്നിവർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ KMBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ലേഔട്ട് അംഗീകാരം നല്കി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർമാണം കെ . എം . ബി . ആർ .2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം
2. നിർമാണസ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ , ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം .
3. പ്രസ്തുത സ്ഥലത്തു നിർമ്മാണനിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം
4. നിർമ്മാണസ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്
5. 2008 ലെ നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്
6. സ്വാഭാവിക ജലനിർഗമനമാർഗ്ഗങ്ങൾ അടഞ്ഞുപോകരുത് .
7. ലേ – ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിയ്ക്കണം. പ്രസ്തുത ലേ – ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം / മലിനജലം) പരിസരവാസി കൾക്ക് ദോഷമുണ്ടാകരുത്.
8. നിർമാണം KMBR 2019 ചട്ടം 79 നനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം

നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

9. Pollution control board, ഫയർ തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
10. ചട്ടം 26(8) പ്രകാരം തുറസ്സായസ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്
11. പ്ലാനിൽ നൽകിയിട്ടുള്ള വിധം ചട്ടപ്രകാരമുള്ള പ്രായോഗികമായ പാർക്കിങ് പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റിവച്ചിട്ടുള്ളസ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്
12. KMBR 2019 ചട്ടം 76(3) പ്രകാരം യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ് .
13. ചട്ടപ്രകാരമുള്ള തുറസ്സായ സ്ഥലങ്ങൾ അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തു തന്നെ ലഭ്യമാണെന്ന് വ്യക്തമാക്കുന്ന വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്കെച്ചുകൾ ലഭ്യമാക്കിയിട്ടുണ്ട്. ആയത് കെട്ടിടം ക്രമപ്പെടുത്തി നൽകുന്നതിന് മുൻപായി സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
14. PH main ramp പ്രായോഗികമായ രീതിയിൽ കെട്ടിടത്തിന്റെ പ്രധാന പ്രവേശന കവാടത്തിനരുകിലായി ലഭ്യമാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിർമ്മാണം ക്രമവൽക്കരിച്ചു നൽകുവാൻ പാടുള്ളു.

**ലേഔട്ട് അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ (22/2020) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

വിശ്വസ്തതയോടെ

**JAYASREE.V.K**
**TOWN PLANNER**

ഉള്ളടക്കം: പ്ലാൻ ഒരു സെറ്റ്

സെക്രട്ടറി,
തിരുവനന്തപുരം നഗരസഭ

പകർപ്പ്: (അറിവിലേയ്ക്കായി)
1)Sri Philip Mathew
Cherukattussery Veedu,
Karakkamandapam,
Nemom.P.O

2) കരുതൽ ഫയൽ